# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1802** **20-06-2024 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ വൈസ് ചാൻസലർ രാജിവെച്ചതിനെ തുടർന്ന് യു.ജി.സി. ചട്ടപ്രകാരവും യൂണിവേഴ്സിറ്റി നിയമപ്രകാരവും വി.സി. യോടൊപ്പം കോ-ടെർമിനസായി നിശ്ചയിച്ചിട്ടുള്ള പ്രൊ വൈസ് ചാൻസലർ ഇപ്പോഴും പദവിയിൽ തുടരുന്നുണ്ടോ; തുടരുന്നുവെങ്കിൽ തുടരാൻ അനുവദിക്കുന്നതിന്റെ നിയമ സാധുത എന്താണെന്നറിയിക്കാമോ; | (എ) | ഉണ്ട്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ആദ്യ വൈസ് ചാൻസിലറായി 4 വർഷത്തേക്ക് സർക്കാർ നിയമിച്ച വൈസ് ചാൻസിലർ തന്റെ കാലാവധി പൂർത്തീകരിക്കുന്നതിന് മുമ്പ് തൽസ്ഥാനം രാജിവച്ചു. എങ്കിലും നാല് വർഷത്തേക്ക് സർക്കാരിനാൽ നിയമിതനായ ആദ്യ പ്രൊ. വൈസ് ചാൻസിലറുടെ കാലാവധി അവസാനിക്കാത്തതിനാൽ തൽസ്ഥാനത്ത് തുടരുന്നു.<br><br>ബഹു. കേരള ഹൈക്കോടതിയുടെ അബ്ദുൽ റഹ്മാൻ. Vs.–കേരളസ്റ്റേറ്റ് [2018(A) KHC 536] വിധി പ്രകാരം കാലാവധി കഴിയും മുമ്പ് വൈസ് ചാൻസിലർ രാജി വെച്ചാൽ പ്രൊ. വൈസ് ചാൻസിലർ തന്റെ ഔദ്യോഗിക കാലാവധിക്ക് മുമ്പ് സ്ഥാനം ഒഴിയേണ്ടതില്ല എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇതേ തീരുമാനം 2019 (4) KHC 812 (Pro. Dr. Raveendran P. T. Vs. Kannur University & others എന്ന വിധിന്യായത്തിലും ബഹു. ഹൈക്കോടതി ചൂണ്ടി കാണിച്ചിട്ടുണ്ട്. |
| (ബി) | ആയതിന് സമാനമായി വി.സി.യുടെ നിയമനം അസാധുവാക്കിയ കാലടി സംസ്കൃത സർവകലാശാലയിലെ പ്രൊ വൈസ് ചാൻസലർ പദവിയിൽ തുടരുന്നുണ്ടോയെന്നറിയിക്കാമോ? | (ബി) | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലാ സിൻഡിക്കേറ്റിന്റെ തീരുമാനപ്രകാരം പ്രൊ വൈസ് ചാൻസലർ ആയിരുന്ന ഡോ. കെ. മുത്തുലക്ഷ്മി-യ്ക്ക് 25.03.2024 തീയതി പ്രാബല്യത്തിൽ പ്രസ്തുത പദവിയിൽ നിന്നും വിടുതൽ ചെയ്യുന്നതിനു അനുമതി നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ